# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

### നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.184

### 12-06-2018 ൽ മറുപടിക്ക്

### കിഫ്ബി മുഖേനയുള്ള വൻകിട പദ്ധതികൾ

| ചോദ്യം<br>ശ്രീ.എം. സ്വരാജ്<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ<br>ശ്രീ. ഐ.ബി. സതീഷ്<br>ശ്രീ. ജോർജ് എം. തോമസ് | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) അടിസ്ഥാന സൗകര്യ മേഖലയിൽ അടുത്ത മൂന്ന് വർഷം കൊണ്ട് അറുപതിനായിരം കോടി രൂപയുടെ നിക്ഷേപം ഉറപ്പാക്കുന്നതിനായി ആസൂത്രണം ചെയ്തിട്ടുള്ള മാർഗ്ഗം വിശദമാക്കാമോ; | ബഡ്ജറ്റിനു പുറമെ നിന്നും വിവിധ മാർഗ്ഗങ്ങളിലൂടെയുള്ള ധനസമാഹരണം വഴി സംസ്ഥാനത്തെ അടിസ്ഥാനസൗകര്യ മേഖലയിൽ 5 വർഷം കൊണ്ട് 50000 കോടി രൂപയുടെ വികസനമാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽ 23,414.4 കോടി രൂപയുടെ അടങ്കൽ വരുന്ന പദ്ധതികൾക്ക് കിഫ്ബി ഇതിനോടകം നിർവ്വഹണാനുമതി നൽകിയിട്ടുണ്ട്. കിഫ് ആക്ടിലെ വ്യവസ്ഥകൾ പ്രകാരം മോട്ടോർ വാഹന നികുതി വിഹിതം, പെട്രോളിയം ഉൽപ്പന്നങ്ങളിന്മേലുള്ള 1 രൂപ സെസ്സ് എന്നിവയിലൂടെ നാളിതുവരെ 1,772.64 കോടി രൂപ കിഫ്ബി നിധിയിൽ ലഭ്യമായിട്ടുണ്ട്. കൂടാതെ, നബാർഡിന്റെ NIDA പദ്ധതിയിലൂടെ 4000 കോടി രൂപയുടെ വായ്പ ലഭിക്കുന്നതിന് ധാരണയായിട്ടുണ്ട്. ഇതിൽ ഇതുവരെ 565 കോടി രൂപയുടെ പദ്ധതികൾക്കുള്ള വായ്പാനുമതി ലഭിച്ചിട്ടുണ്ട്. ഇതിനു പുറമേ, വൻകിട അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കുള്ള 2015-16, 2016-17 സാമ്പത്തികവർഷത്തെ സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിൽ ബാക്കി വന്ന തുകയിൽ നിന്നും ആകെ 2,498.42 കോടി രൂപ പൊതു സാമ്പത്തിക വിപണിയിൽ നിന്നും നിക്ഷേപമാകർഷിക്കുന്നതിനുള്ള സീഡ് ക്യാപിറ്റലായി കിഫ്ബിക്ക് സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. ഇതിനെല്ലാം പുറമേ, ജനറൽ ഒബ്ലിഗേഷൻ ബോണ്ടുകൾ, ലാന്റ് ബോണ്ടുകൾ, മസാല ബോണ്ടുകൾ |

| | |
|---|---|
| | എന്നിവ പുറപ്പെടുവിക്കുന്നതിനുള്ള നടപടികളും കിഫ്ബി സ്വീകരിച്ചു വരുന്നു. കിഫ്ബിയുടെ ആഭിമുഖ്യത്തിൽ ഒരു അസറ്റ് മാനേജ്മെന്റ് കമ്പനിയും രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഈ കമ്പനിയിലൂടെ സെബി/റിസർവ് ബാങ്ക് അംഗീകാരമുള്ള നൂതന ധനസമാഹരണ മാർഗ്ഗങ്ങളായ AIF, InVIT, IDF എന്നിവ പ്രയോജനപ്പെടുത്താനുമുള്ള പ്രവർത്തനങ്ങളും പുരോഗമിക്കുന്നു. കിഫ്ബി പദ്ധതികളുടെ നടത്തിപ്പിന് ഒരു വ്യത്യസ്ത ധനസമാഹരണ മാർഗ്ഗമായി കെ.എസ്.എഫ്.ഇ യുടെ ആഭിമുഖ്യത്തിൽ പ്രവാസി ചിട്ടി പദ്ധതിയും ഉടൻ ആരംഭിക്കുന്നതാണ്. വിവിധ ബാങ്കുകളും കിഫ്ബിക്കാവശ്യമായ ദീർഘകാല വായ്പകൾ ലഭ്യമാക്കാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. നിശ്ചിതമായ നിർവ്വഹണ സമയക്രമത്തോടെ കിഫ്ബി പദ്ധതികൾ അംഗീകരിക്കപ്പെടുന്നതിനാൽ നിർവ്വഹണപുരോഗതി പ്രകാരമാണ് കിഫ്ബി ആവശ്യമായ ധനസമാഹരണം നടത്തുന്നത്. സമീപകാല ആവശ്യത്തിനുതകുന്ന തുക നിലവിൽ കിഫ്ബിയുടെ പക്കലുണ്ട്. കിഫ്ബിയുടെ പദ്ധതിശ്രേണി, നിർവഹണക്രമം, റേറ്റിങ്ങ്, മുതലായവ മികച്ചതായതിനാൽ ആവശ്യാനുസരണമുള്ള ധനസമാഹരണം അനായാസം സാധ്യമാണ്. കിഫ്ബി പദ്ധതികളുടെ കൃത്യമായ ആസൂത്രണം, സമയബന്ധിതമായ നിർവഹണക്രമം, SPV സംവിധാനം വഴിയുള്ള ചിട്ടയായ നിർവഹണം, തടസ്സരഹിതമായ ധനലഭ്യത, ആസൂത്രിതമായ തിരിച്ചടവ് സംവിധാനം എന്നിവയിലൂടെ കിഫ്ബിവഴിയുള്ള പ്രഖ്യാപിത അടിസ്ഥാന സൗകര്യവികസന ലക്ഷ്യം സാക്ഷാത്കരിക്കാനാവുന്നതാണ്. |
| (ബി) കേരളത്തിന്റെ മുഖഛായ മാറ്റാൻ ഉദ്ദേശിച്ചുകൊണ്ടുള്ള കിഫ്ബി മുഖേനയുള്ള വൻകിട പദ്ധതികൾ ഈ സർക്കാരിന്റെ കാലത്തുതന്നെ പൂർത്തിയാക്കുന്ന രീതിയിലാണോ ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | "2016 -17, 2017 -18, 2018 -19 സാമ്പത്തിക വർഷങ്ങളിൽ പ്രഖ്യാപിച്ച പദ്ധതികളിൽ 23,414 .4 കോടി രൂപയുടെ പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. ഇവയിൽ 3,925.32 കോടി രൂപയുടെ നിർമാണാനുമതി ബന്ധപ്പെട്ട SPV കൾ നൽകിക്കഴിഞ്ഞു. ഇവ എല്ലാം തന്നെ 2 വർഷത്തെ നിർമ്മാണ കാലയളവുള്ളതും 2021-നകം പൂർത്തിയാകേണ്ടവയുമാണ്. പ്രഖ്യാപിക്കപ്പെട്ട ബാക്കി പദ്ധതികൾ അതാത് ഭരണ വകുപ്പിന്റെയും എസ്.പി.വി യുടേയും തലത്തിൽ ആസൂത്രണ ഘട്ടത്തിലാണ്. |

| | |
|---|---|
| (സി) കിഫ്ബിയിലേക്കുള്ള ധന സമാഹരണത്തിനായി മസാല ബോണ്ട് ഇറക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; മസാല ബോണ്ടിന്റെ മെച്ചം എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | വിദേശ നിക്ഷേപത്തിലൂടെയുള്ള ധന സമാഹരണത്തിനായി മസാല ബോണ്ടുകൾ പ്രയോജനപ്പെടുത്തുന്നതിനും ആദ്യ ഘട്ടമായി സിംഗപ്പൂർ, യു.കെ എന്നീ രാജ്യങ്ങളിൽ അവ പുറപ്പെടുവിക്കുന്നതിനും കിഫ്ബിയുടെ മുപ്പത്തിയൊന്നാമത് ബോർഡ് യോഗം തീരുമാനിക്കുകയും ആക്സിസ് ബാങ്കിനെ അഡ്വൈസറായി നിയമിക്കുകയും ചെയ്തു. മസാല ബോണ്ട് പുറപ്പെടുവിക്കുന്നതിന്റെ തുടർ നടപടികൾക്കായി DLA Piper, Cyril Amarchand Mangal Das, HSBC എന്നിവരെ യഥാക്രമം International Legal Counsel, Domestic Legal Counsel, Trustee എന്നീ സ്ഥാനങ്ങളിലും Fitch, S&P എന്നീ ഏജൻസികളെ റേറ്റിംഗ് ഏജൻസികളായും നിയമിച്ചു. ജൂലൈ ആദ്യവാരത്തോടെ ബോണ്ടുകൾ പുറപ്പെടുവിക്കാനും ബോർഡ് തീരുമാനിച്ചിട്ടുണ്ട്. മസാല ബോണ്ടുകൾ വഴി മൂന്ന് വർഷക്കാലയളവിൽ 5,000 കോടി രൂപ സമാഹരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇന്ത്യൻ രൂപയിൽ മാത്രമുള്ള വിനിമയ സാദ്ധ്യതയോടെ ധനസമാഹരണത്തിനായി വിദേശത്ത് പുറപ്പെടുവിക്കുന്ന കടപ്പത്രങ്ങളാണ് മസാല ബോണ്ടുകൾ. വിദേശനാണ്യ വിനിമയത്തെ സംബന്ധിച്ചിടത്തോളം വിനിമയ മൂല്യ വ്യതിയാനവുമായി ബന്ധപ്പെട്ട അപകട സാധ്യത ഏറെയുണ്ട്. മസാല ബോണ്ടുകൾക്ക് ഈ ദൂഷ്യഫലമില്ല. രൂപയുടെ മൂല്യം ഇടിഞ്ഞാലും വിദേശനാണ്യ മൂല്യം ഉയർന്നാലും മസാല ബോണ്ടുകളുടെ വിനിമയ നിരക്കുകളിൽ മാറ്റം സംഭവിക്കുന്നില്ല. ആയതിനാൽ കിഫ്ബി ഇതിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നു. |

**സെക്ഷൻ ഓഫീസർ**